## പേജ് 1

**ഉപമേഖല : വായന**

**ലക്ഷ്യങ്ങൾ**

- വായനാശീലം പരിപോഷിപ്പിക്കൽ
- അറിവിന്റെ ചെപ്പ് തുറക്കൽ

**പ്രവർത്തനങ്ങൾ**

- പാഠപുസ്തകത്തിൽ പുറമെ ഒരു പുസ്തകമെങ്കിലും ഒരു കുട്ടിക്ക് സ്വന്തം
- ക്ലാസ് വായനമൂല വിപുലീകരിക്കൽ
- ഡിജിറ്റൽ ഡിസ്പ്ലേ ബോർഡ്
- വായനോത്സവം സംഘടിപ്പിക്കൽ
- വായനാനുഭവം പങ്കുവെക്കൽ
- രാവിലെയും വൈകീട്ടും ഉച്ചസമയത്തും ഇടവേളകളിലും ലൈബ്രറി പിരീഡിലും കുട്ടികൾ റീഡിംഗ് റൂം ഉപയോഗപ്പെടുത്തൽ
- പുസ്തകങ്ങൾ അടുക്കും ചിട്ടയോടും വെയ്ക്കുന്നതിന് ഓരോ ക്ലാസിലേയും ക്ലാസ് ലീഡർമാരുടെ നേതൃത്വത്തിലുള്ള ടീം
- ആവശ്യമായ കുട്ടികൾക്ക് വായനസാമഗ്രികൾ വീട്ടിൽ കൊണ്ടുപോയി വായിക്കാനവസരം
- ക്ലാസ് റൂം ലൈബ്രറി മെയിൻ ലൈബ്രറിയിൽ നിന്നും ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ ക്ലാസ് ടീച്ചർ വഴി വിതരണം

## പേജ് 2

- കുട്ടി ലൈബ്രേറിയൻമാർ വഴി ഒന്നിടവിട്ട ആഴ്ചകളിൽ ക്ലാസ് ടീച്ചറിന്റെ മേൽനോട്ടത്തിൽ പുസ്തക വിതരണം
- വായിച്ച പുസ്തകങ്ങളിലെ ആകർഷണീയമായ ഭാഗങ്ങൾ കൂട്ടുകാരുമായി പങ്കുവെക്കൽ
- വായനക്കുറിപ്പ് കൈമാറി വായിക്കൽ, അസംബ്ലിയിൽ അനുമോദിക്കൽ
- പുസ്തക കൈമാറ്റത്തിൽ ഓരോ ക്ലാസ്സിലും രജിസ്റ്റർ ഒരു കുട്ടിയ്ക്ക് ഒരു പേജ്
- ഒന്നിടവിട്ട ആഴ്ചകളിൽ സാഹിത്യസമാജം
- കൈയെഴുത്ത് മാസിക, മികച്ചവയ്ക്ക് അവാർഡ് അസംബ്ലിയിൽ വായിക്കാനവസരം
- പ്രശ്നോത്തരി
- ഹലോ ഇംഗ്ലീഷ്
- സാഹിത്യസമാജ പ്രകടനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടവ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള അവസരം

- മാധ്യമപ്രവർത്തനത്തിലൂടെ രൂപപ്പെട്ട ഉത്പന്നങ്ങളുടെ വായന

**വ്യക്തിത്വവികാസം സർഗാത്മക വികാസം ശില്പശാലകൾ**

**ലക്ഷ്യം :** എല്ലാ വിദ്യാർത്ഥികളുടേയും പഠനപുരോഗതിയും വായനയിലൂടെ നേടിയെടുത്തവ പ്രതിഫലിപ്പിക്കുവാനുള്ള അവസരവും ഒരുക്കൽ

- ഭാഷാ നൈപുണി വികസിപ്പിക്കൽ
- മുഴുവൻ വിദ്യാർത്ഥികളുടേയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തൽ

**പ്രവർത്തനങ്ങൾ**

- കുട്ടികളുടെ സർഗാത്മക വികസനത്തിനായി പത്തോളം ശില്പശാലകൾ സംഘടിപ്പിക്കൽ

## പേജ് 3

- പ്രസംഗ ശില്പശാല
- നാടൻ പാട്ട് ശില്പശാല
- വിവര സാങ്കേതിക വിജ്ഞാന ശില്പശാല
- ചിത്രരചന
- ഫസ്റ്റ് എയ്ഡ്
- പഠനോപകരണ ശില്പശാല
- വിവിധ ഭാഷാ ഫെസ്റ്റുകൾ (ഹിന്ദി, ഇംഗ്ലീഷ്, അറബി, ഉറുദു, മലയാളം)
- സ്കൂൾ സഹവാസ ക്യാമ്പ്

**ആശയവിനിമയശേഷി വികാസം പ്രവർത്തനങ്ങൾ**

- ക്ലബ്ബ് രൂപീകരണം
- വിവിധ ഭാഷാ ക്ലബ്ബിലൂടെ ക്രിയാത്മകമായ പ്രവർത്തനം
- കുട്ടികളുടെ സർഗാത്മകശേഷി വളർത്താനും അവരിലെ ചിന്തകളും നന്മയും തിരിച്ചറിയാനുമുള്ള അവസരങ്ങൾ
- ക്ലാസിൽ ഭാഷാ അന്തരീക്ഷം സൃഷ്ടിക്കൽ
- ഹലോ ഇംഗ്ലീഷ്
- അസംബ്ലിയിൽ വിവിധ ഭാഷകളിലെ രചനകൾ അവതരിപ്പിക്കൽ

**ലേഖനം : അക്ഷരം മുതൽ മാഗസിൻ വരെ ലക്ഷ്യം :** എല്ലാ വിദ്യാർത്ഥികളേയും എഴുത്തിലേക്ക് ആകർഷിക്കലും പര്യാപ്തരാക്കലും **പ്രവർത്തനങ്ങൾ**

- അക്ഷരക്കിറ്റ് നിർമ്മാണം എല്ലാ ഭാഷകളിലും
- പദനിർമ്മാണം
- പദസമ്പത്ത് കൈവരിക്കൽ
- വാക്യനിർമ്മാണം
- കഥ, കവിത നിർമ്മാണം
- രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ

## പേജ് 4

**വായനാനുഭവക്കുറിപ്പ് തയ്യാറാക്കൽ & ക്ലാസ്സുകൾ തോറും കൈയെഴുത്ത് മാസിക നിർമ്മാണം**

- കൈയെഴുത്ത് മാസിക ശില്പശാല
- കവിതാ ശില്പശാലകൾ
- സ്കൂൾ ചുമരുകൾ വിവിധ ഭാഷാ ചാർട്ടുകൾ കൊണ്ട് അലങ്കരിക്കൽ (മഹദ് വചനങ്ങൾ, പൂക്കൾ, പഴങ്ങൾ, പച്ചക്കറികൾ, നിറങ്ങൾ, എണ്ണങ്ങൾ, പക്ഷികൾ, മൃഗങ്ങൾ)
- അടിക്കുറിപ്പ് തയ്യാറാക്കൽ
- കഥാപൂരണം
- ചിത്രചാർട്ടിലൂടെ കഥ, കവിത നിർമ്മാണം

**III ഉപമേഖല**

**പഠന പിന്നോക്കാവസ്ഥയിലുള്ളവരെ മുൻനിരയിലെത്തിക്കൽ പ്രവർത്തനം : ഒപ്പം ഒപ്പത്തിനൊപ്പം**

- എല്ലാ ദിവസവും പരിഹാരബോധന ക്ലാസുകൾ
- പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികളെ കണ്ടെത്തലും ഗ്രൂപ്പുകളാക്കി അധ്യാപകർക്ക് കൈമാറൽ
- കുട്ടികൾക്ക് വ്യക്തിഗത പിന്തുണ ഉറപ്പാക്കൽ
- കുട്ടികളുടെ രക്ഷിതാക്കളുമായി നിരന്തര സമ്പർക്ക പരിപാടി
- ഗൃഹസന്ദർശനം

## പേജ് 5

**ഉപമേഖല : മികവിന്റെ തീരം ലക്ഷ്യം :** നാടിനും വിദ്യാലയത്തിലും മികവിന്റെ തിളക്കം **പ്രവർത്തനങ്ങൾ**

- എൽ.എസ്.എസ്, യു.എസ്.എസ് തുടങ്ങിയ എല്ലാ സ്കോളർഷിപ്പ് പരീക്ഷകൾക്കും പ്രത്യേക ക്ലാസുകൾ
- അവധിക്കാലത്തും അവധി ദിവസങ്ങളിലും ക്ലാസുകൾ
- കല കായിക മേഖലകളിൽ വിദ്യാർത്ഥികളെ പ്രാപ്തരാക്കൽ
- യുറീക്ക വിജ്ഞാനോത്സവം, അക്ഷരമുറ്റം, ന്യൂമാത്സ്, അറബിക് ടാലന്റ് ടെസ്റ്റ്, ഉറുദു ടാലന്റ് ടെസ്റ്റ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ, സുഗമഹിന്ദി പരീക്ഷ, വിവിധ ക്വിസ് മത്സരങ്ങൾ
- കിഡ്സ് ഫെസ്റ്റ്
- കലാ കായിക സാമുദായിക പ്രതിഭകൾക്ക് പുരസ്കാരം നൽകൽ

- മികച്ച ജൈവവൈവിധ്യോദ്യാനം
- മികച്ച പച്ചക്കറിത്തോട്ടം
- മികച്ച ശുചിത്വവിദ്യാലയം

**ഉപമേഖല : പുഴ നമ്മുടെ ജീവാമൃതം ലക്ഷ്യം :** പ്രകൃതി സംരക്ഷണം, പ്ലാസ്റ്റിക് മാലിന്യ മുക്ത ഗ്രാമം **പ്രവർത്തനം**

- പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ മാമ്പുഴ ശുചീകരണ പരിപാടി
- ശുചിത്വ പോസ്റ്റർ പ്ലക്കാർഡ് എന്നിവ സ്ഥാപിക്കൽ
- പുഴ സംരക്ഷണത്തിന് ബോധവൽക്കരണ ക്ലാസ്സ്
- പ്ലാസ്റ്റിക് മുക്ത ലഹരി മുക്ത ക്യാമ്പസ്
- മാലിന്യത്തിനെതിരെയുള്ള പ്രവർത്തനത്തിന് ശുചിത്വസേന രൂപീകരിക്കൽ
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കാനും മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്താനും ആസൂത്രണം ചെയ്യൽ

**ഉപമേഖല : പ്രാദേശിക പൈതൃക മ്യൂസിയം ലക്ഷ്യം :** ചരിത്ര സ്മാരക സംരക്ഷണ മനോഭാവം വളർത്തിയെടുക്കൽ

- അന്യം നിന്നുപോയ വസ്തുക്കളെ പരിചയപ്പെടൽ
- കുട്ടികൾക്ക് കണ്ടറിഞ്ഞും തൊട്ടറിഞ്ഞും പഠിക്കാനുള്ള അവസരം

**പ്രവർത്തനങ്ങൾ**

- അധ്യാപകരുടേയും രക്ഷിതാക്കളുടേയും കൂട്ടായ്മയിലൂടെ വിഭവങ്ങൾ ഒരുക്കൽ
- ചരിത്രപഠനം ഉറപ്പുവരുത്തൽ

## പേജ് 6

**ഉപമേഖല : ഫീൽഡ് ട്രിപ്പ് ലക്ഷ്യം :** ശാസ്ത്ര സാമൂഹ്യ ശാസ്ത്രബോധം വളർത്തിയെടുക്കൽ

- രസകരമായ പഠനം സാധ്യമാക്കുന്നതിന്
- വിജ്ഞാനച്ചെപ്പ് തുറക്കുന്നതിന്

**പ്രവർത്തനം**

- ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ (കാപ്പാട്, ചാലിയം, ഹോർത്തൂസ് മലബാറിക്കസ് മുതലായവ)
- കവികളുടേയും മറ്റു സാഹിത്യകാരന്മാരുടേയും ഭവനം സന്ദർശിക്കൽ, (ബഷീർ വൈലാലിൽ, തുഞ്ചൻ പറമ്പ്, സാംസ്കാരിക നിലയം)
- കലാകേന്ദ്ര സന്ദർശനം
- പ്രകൃതിയെ അടുത്തറിയുന്നതിന് കാർഷിക പ്രവൃത്തിയിൽ ഏർപ്പെടൽ
- ബൊട്ടാണിക്കൽ ഗാർഡൻ പുണ്യപ്പാടം സന്ദർശനം

**മേഖല : ഭൗതികം ഉപമേഖല : പോഷകാഹാരം ലക്ഷ്യം :**
പോഷകാഹാര ലഭ്യത ഉറപ്പുവരുത്തൽ
**പ്രവർത്തനം :**

- ടൈൽസ് പാകിയ വൃത്തിയും പ്രസരിപ്പുമുള്ള ഊട്ടുപുര
- പ്രസിദ്ധീകരിച്ച മെനു
- എല്ലാ കുട്ടികൾക്കും തിളപ്പിച്ചാറിയ വെള്ളം നൽകാനുള്ള സംവിധാനം ഒരുക്കൽ
- വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ വിഭവസമാഹരണം
- വരാന്തയിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തൽ
- വിളമ്പലിന് അധ്യാപകരുടേയും രക്ഷിതാക്കളുടേയും സമിതി രൂപീകരിക്കൽ
- പാചകത്തിനും വിളമ്പലിനും അമ്മമാരുടെ സേവനം ഉറപ്പുവരുത്തൽ
- കോട്ടും തൊപ്പിയും ധരിക്കുന്ന പാചകത്തൊഴിലാളികൾ

## പേജ് 7

**ഉപമേഖല : കായിക വിദ്യാഭ്യാസം ലക്ഷ്യം :**
**ആരോഗ്യമുള്ള കുട്ടി നാടിന്റെ സമ്പത്ത്**
**പ്രവർത്തനങ്ങൾ**

- വിശാലമായ സ്കൂൾ മൈതാനം
- കായിക പിരീഡിൽ കുട്ടികളും അധ്യാപകരും ഗ്രൗണ്ടിൽ
- കായിക അധ്യാപകരെ നിയമിക്കൽ
- മാസ്ഡ്രിൽ, ഫുട്ബോൾ, വോളിബോൾ, കരാട്ടെ എന്നിവയ്ക്ക് പരിശീലനം നൽകൽ
- അവധിക്കാല ഫുട്ബോൾ പരിശീലനം
- സ്കൂൾ ഫുട്ബോൾ ടീം സെലക്ഷൻ
- സ്പോർട്സ് പരിശീലനം

## പേജ് 8

**സേവന പ്രവർത്തനങ്ങൾ ഉപമേഖല : സഹപാഠിക്കൊരു വീട് ലക്ഷ്യം :** നിർധനരായ കുട്ടികളെ കണ്ടെത്തി സഹായം ഉറപ്പുവരുത്തൽ
**പ്രവർത്തനം :**

- സ്കൂളിൽ എത്താൻ സാധിക്കാത്ത നിർധനരായ വിദ്യാർത്ഥികൾക്ക് പഠനാന്തരീക്ഷം ഒരുക്കൽ
- റൂം ടൈൽ പാകൽ
- മേശ, കസേര എന്നിവ വീട്ടിൽ ഒരുക്കിക്കൊടുക്കൽ
- വീടില്ലാത്ത ഒരു കുട്ടിക്ക് വീടുണ്ടാക്കിക്കൊടുക്കൽ

- പദ്ധതി പൂർത്തിയാക്കൽ
- പൂർവ വിദ്യാർത്ഥികൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരുടെ കൂട്ടായ്മ

**ഉപമേഖല : എല്ലാ ക്ലാസുകളിലും മൾട്ടിമീഡിയ സൗകര്യം ലഭ്യമാക്കൽ ലക്ഷ്യം :** അന്താരാഷ്ട്ര നിലവാരം പഠനതന്ത്ര സൗകര്യം ഉറപ്പാക്കൽ

- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ

**പ്രവർത്തനങ്ങൾ**

- 1-7 വരെ ക്ലാസുകളിൽ ഐ.സി.ടി ക്ലാസ് റൂം ഉറപ്പുവരുത്തൽ
- മൾട്ടിമീഡിയ പഠനസൗകര്യം വിപുലീകരിക്കൽ

**ഉപമേഖല : ശുചിത്വം ലക്ഷ്യം :** കുട്ടികളുടെ ശുചിത്വം നാളെയുടെ നന്മയ്ക്കായി

## പേജ് 9

- ശുചിത്വസേനയുടെ പ്രവർത്തനം സജീവമാക്കൽ
- കുട്ടികളും അധ്യാപകരും ചേർന്ന് എല്ലാ പ്രവൃത്തി സമയത്തിന് മുമ്പും പിമ്പും 1 മണിക്കൂർ ശുചിത്വ പ്രവർത്തനം
- ക്ലാസ് മുറികളിലും പുറത്തും വേസ്റ്റ്ബിൻ ഉറപ്പുവരുത്തൽ
- ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ
- ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കൽ
- ശുചീകരണത്തിന് ജെ.ആർ.സി, ഗൈഡ്സ്, സ്കൗട്ട് എന്നിവരുടെ സേവനം ഉറപ്പുവരുത്തൽ
- ലേഡീസ് ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മാണം
- വാട്ടർ പ്യൂരിഫയർ ഉപയോഗിച്ച് ശുദ്ധീകരിച്ച വെള്ളവും തിളപ്പിച്ചാറിയ വെള്ളവും കുടിവെള്ളത്തിനായി ക്രമീകരിക്കൽ

**മേഖല : സാമൂഹികം ലക്ഷ്യം :** വിദ്യാർത്ഥികളുടെ കഴിവും മനോഭാവവും വികസിപ്പിക്കുന്നതിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്താൻ

**പ്രവർത്തനങ്ങൾ**

- ഓരോ മാസത്തിലും ആദ്യത്തിൽ ക്ലാസ് പി.ടി.എ, പി.ടി.എ പ്രസിഡന്റ്, ക്ലാസ് പി.ടി.എ പ്രസിഡന്റ്, പ്രഥമാധ്യാപകൻ, അധ്യാപകൻ, വിദ്യാർത്ഥികൾ
- കൃത്യമായ തീയതികളിൽ മാസംതോറും പരീക്ഷ നടത്തൽ
- ക്ലാസ് പി.ടി.എയിൽ പ്രോഗ്രസ് കാർഡ് വിതരണം
- ഉയർന്ന ഗ്രേഡ് നേടിയവരെ അഭിനന്ദിക്കൽ
- കുട്ടികളുടെ കലാ-കായിക സ്വഭാവ രൂപീകരണത്തിൽ സമഗ്രമായ വികസനത്തിന് പി.ടി.എയിൽ ഊന്നൽ നൽകൽ

- ഓരോ രക്ഷിതാവിനും തന്റെ അഭിപ്രായവും നിർദ്ദേശവും പറയാനുള്ള അവസരം കൊടുക്കൽ
- എല്ലാ പൊതുപരിപാടികളിലും രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തൽ
- രക്ഷിതാക്കൾക്ക് സി.ഇ മാർക്ക്, ഗ്രേഡ് എന്നിവയുടെ ബോധവൽക്കരണം
- രക്ഷിതാക്കളുടെ നിരന്തരമായ വിദ്യാലയ സന്ദർശനം
- ക്ലാസ് പി.ടി.എയിൽ ബന്ധപ്പെടാൻ കഴിയാത്തവർക്ക് ലോക്കൽ പി.ടി.എ സംഘടിപ്പിക്കൽ
- അധ്യാപകരുടെ നിരന്തരമായ ഗൃഹസന്ദർശനം
- വാട്സ്ആപ്പ് വഴി പഠനാനുബന്ധ പ്രവർത്തനങ്ങളുടെ മെസ്സേജ് അയക്കൽ
- പ്രവൃത്തിപരിചയ പരിശീലനത്തിൽ അമ്മമാരുടെ പങ്ക് (ടൈെലറിംഗ്, എംബ്രോയിഡറി)
- ഗൃഹസമ്പർക്ക പരിപാടി അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന്

## പേജ് 10

**ഉപമേഖല : പൂർവാധ്യാപക, വിദ്യാർത്ഥിത സംഗമം ലക്ഷ്യം : വിദ്യാലയത്തിനാവശ്യമായ സഹായവും സാന്ത്വനവും ലഭിക്കുന്നതിന് പ്രവർത്തനങ്ങൾ**

- പൂർവാധ്യാപക സംഗമങ്ങൾ
- പൂർവ വിദ്യാർത്ഥി സംഗമങ്ങൾ
- 70 വയസ്സുള്ള വയോധികരായ പൂർവ വിദ്യാർത്ഥികളെ ആദരിക്കൽ
- മൊമെന്റോ സമർപ്പണം
- സഹായവും ധനസ്രോതസ്സുകളും

**ഉപമേഖല : വാർഷികാഘോഷം ലക്ഷ്യം :**
**കലാപഠനത്തിലൂടെ മാനസിക വളർച്ച പ്രവർത്തനങ്ങൾ :**
അധ്യാപകരും രക്ഷിതാക്കളും കുട്ടികളും ഒന്നിച്ചിരുന്ന് നയിക്കുന്ന നാടകം, അമ്മമാരുടെ കൈകൊട്ടിക്കളി, രക്ഷിതാക്കളുടെ കലാപരിപാടികൾ കായിക മത്സരങ്ങൾ, ഗാനമേള

- വർഷവും നാടിനെ ഉണർത്തുന്ന ആവേശാനുഭവം

**വൈവിധ്യമാർന്ന മറ്റു പ്രവർത്തനങ്ങൾ വർഷാവസാനം എല്ലാ സബ്ജക്ടിന്റേയും ഉത്പന്നങ്ങളുടെ പ്രദർശനം (EXPO)**

- മെട്രിക് മേള
- അറബിക് ഫെസ്റ്റ്
- ഇംഗ്ലീഷ് ഫെസ്റ്റ്
- കിഡ്സ് ഫെസ്റ്റ്

വിദ്യാലയത്തിൽ നവീകരിച്ച പദ്ധതികൾ

• പ്രകൃതി സൗഹൃദ ടൈൽ പാകി മനോഹരമാക്കിയ വിദ്യാലയ അങ്കണം

• വിശാലമായ ഓഡിറ്റോറിയം

• വിദ്യാലയമുറ്റത്ത് സൈക്കിൾ ഷെഡ്

• അതിഥികൾക്കിരിക്കിരിക്കാൻ ചാരു ബെഞ്ചുകൾ സ്ഥാപിക്കൽ

• ക്ലാസുകളുടെ ഇടഭിത്തികളുടെ അർദ്ധാവസ്ഥ മാറ്റി പൂർണ്ണ ഭിത്തിയാക്കൽ

• മഴ നനയാതിരിക്കാൻ ഫൈബർ ഷീറ്റുകൾ

• എല്ലാ ക്ലാസുകളിലും വലിയ വൈറ്റ്ബോർഡുകൾ

• എല്ലാ ക്ലാസുകളിലും ഫാൻ, ലൈറ്റ്, സൗകര്യം

• വിശാലമായ കമ്പ്യൂട്ടർ ലാബ്

• ശാസ്ത്ര ക്ലാസ് ലാബ്

• കുട്ടികൾക്കുള്ള മനോഹരമായ പാർക്ക്

• വരാന്തയിൽ വേസ്റ്റ് ബിൻ (ജൈവം, അജൈവം, പ്ലാസ്റ്റിക്)

• സ്ഥിരമായി ഉപയോഗിക്കുന്ന കിണർ ക്ലോറിനേഷൻ നടത്തൽ

• വെള്ളം ഫിൽറ്റർ ചെയ്യൽ

• മാനേജ്മെന്റ് സഹായത്തോടെ സ്റ്റേജ് നവീകരണം

• പൂർവാധ്യാപകരുടെ സഹായത്തോടെ കർട്ടൻ സംവിധാനം

# എൽ.പി തലം

അക്ഷരബോധവും അക്കബോധവും, ഉറപ്പിക്കുന്നതോടൊപ്പം ചെറിയ ചെറിയ ആശയങ്ങളും മൂല്യങ്ങളും പങ്കുവെയ്ക്കാൻ വിദ്യാർത്ഥികളെ പര്യാപ്ത രാക്കാനുതകുന്ന ഒരു പഠനരീതിയാണ് എൽ.പി തലത്തിൽ അവലംബിക്കുന്നത്. അക്ഷരബോധവും അക്കബോധവും 1ഉം 2ഉം ക്ലാസുകളിൽ നിന്നും ചെറിയ ആശയങ്ങളും, മൂല്യങ്ങളും മനോഭാവങ്ങളും 3ഉം 4ഉം ക്ലാസുകളിൽ നിന്നും കുട്ടി സ്വായത്തമാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പദ്ധതികളാണ് എൽ.പിയിൽ നാം ആസൂത്രണം ചെയ്യേണ്ടത്.

ഭാഷകളിലും, ഗണിതത്തിലും, പരിസരപഠനത്തിലും ഓരോ ക്ലാസിലും, നേടേണ്ട കാര്യങ്ങൾ അതാത് വർഷത്തിൽ കുട്ടിക്ക് ലഭിക്കേണ്ടത് അവരുടെ അവകാശം തന്നെയാണ്. സഹപാഠികൾ, അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം, സർക്കാർ തുടങ്ങിയവരുടെ ശക്തമായ പിന്തുണയും, പ്രോത്സാഹനവും ഇതിന ത്യാവശ്യമാണ്. സക്രിയമായ ഇടപെടുലുകളിലൂടെ, മുഴുവൻ വിദ്യാർത്ഥികളു ടേയും സർവ്വോന്മുഖമായ വികാസം സാധ്യമാക്കേണ്ടതുണ്ട്. അതിനുവേണ്ടി യുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ ആസൂത്രണ രേഖ തയ്യാറാക്കിയിരിക്കു ന്നത്.

## മലയാളം

മാതൃഭാഷാപഠന പ്രശ്നങ്ങൾ (അക്കാദമികം)

1. 1 മുതൽ 4 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിച്ച നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.
2. ചില കുട്ടികളിൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ ധാരണക്കുറവ്
3. അർത്ഥപൂർണമായുള്ള വായനയിൽ പിന്നോക്കം, താല്പര്യക്കുറവ്
4. കണ്ടെത്തിയ ആശയങ്ങളെ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിന് (വ്യത്യസ്ത വ്യവഹാര രൂപങ്ങൾ)
5. സർഗാത്മക പ്രവർത്തനങ്ങളിൽ പങ്കാളിത്തം കുറവ്
6. പഠനപ്രവർത്തനത്തിന്റെ ഭാഗമായുള്ള പഠനോപകരണങ്ങൾ, ICT സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.

<u>ഭൗതികം</u>: 1. ICT സൗകര്യമുള്ള ക്ലാസ്മുറികളുടെ അഭാവം, അനുയോജ്യമായ ഇരിപ്പിട സൗകര്യം, സ്ഥല സൗകര്യം എന്നിവയുടെ അഭാവം

2. ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ഓഡിയോവിഷൻ ലൈബ്രറി, IT ലാബ്, Language Lab എന്നിവയുടെ അഭാവം

**സാമൂഹികം:** - വിദ്യാലയത്തിലെ അക്കാദമികളും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തത്തിന്റെ അഭാവം.

B. കാരണങ്ങൾ

| കുട്ടികളിൽ | അധ്യാപകരിൽ | രക്ഷിതാക്കളിൽ |
|---|---|---|
| ♦ മുൻ ക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ എല്ലാ കുട്ടികൾക്കും നേടാൻ സാധിക്കുന്നില്ല.<br>♦ പാഠപുസ്തകത്തിൽ അക്ഷരങ്ങൾക്ക് പ്രാധാന്യം നല്കാത്തത് അക്ഷരമുറക്കാൻ പ്രയാസം സൃഷ്ടിക്കുന്നു.<br>♦ 1, 2 ക്ലാസിലെ കുട്ടികൾക്ക് അക്ഷരത്തെക്കാൾ ആശയങ്ങൾക്ക് പ്രാധാന്യം നല്കേണ്ടതായി വരുന്നു.<br>♦ കുട്ടികൾക്ക് ഭാഷാപഠനത്തിലുള്ള താല്പര്യക്കുറവ്, അലസത, ആവശ്യബോധമില്ലായ്മ<br>♦ വായനയുടെയും അനുഭവങ്ങളുടെയും കുറവ്<br>♦ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.<br>♦ വേദികളുടേയും പ്രോത്സാഹനങ്ങളുടെയും കുറവ്<br>♦ ഗാർഹിക പ്രശ്നങ്ങൾ | ♦ ഭിന്നനിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസുകളിലെ അധ്യാപനം ആസൂത്രണം ചെയ്യാൻ സാധിക്കാത്തത്.<br>♦ വിനിമയത്തിലെ സമയക്കുറവ്.<br>♦ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കുന്നില്ല.<br>♦ പഠനസാമഗ്രികൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ സാധിക്കാത്തത്.<br>♦ ICT സാധ്യതകളുടെ ലഭ്യതക്കുറവ് പഠനസാമഗ്രികളുടെ അഭാവം<br>♦ കുട്ടികളുടെ സർഗാത്മക ശേഷികൾ കണ്ടെത്തി. പോത്സാഹിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നില്ല.<br>♦ സ്കൂളുകളുമായി ബന്ധപ്പെട്ട പല പ്രവർത്തനങ്ങളും ചെയ്യേണ്ടിവരുന്നത് അധ്യയനത്തെ ബാധിക്കുന്നു.<br>♦ എല്ലാവർക്കും തുല്യ അവസരങ്ങൾ നൽകാൻ സാധിക്കാത്തത്. | ♦ പഠനാന്തരീക്ഷത്തെ ഉറപ്പാക്കുന്നില്ല.<br>♦ സ്കൂളുമായി വേണ്ടത്ര ബന്ധം പുലർത്തുന്നില്ല.<br>♦ കുട്ടിയുടെ പഠന നിലവാരം തിരിച്ചറിയുന്നില്ല.<br>♦ കുട്ടികൾക്ക് കിട്ടേണ്ട കൈത്താങ്ങ് കിട്ടുന്നില്ല.<br>♦ പ്രചോദനം നൽകുന്നില്ല.<br>♦ സാമ്പത്തിക പ്രശ്നങ്ങൾ കുട്ടികളെ ബാധിക്കുന്നു. |

· പരിഹാര ബോധനം:

1. പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണയിക്കൽ
2. നിലാവാരം കുറഞ്ഞ കുട്ടികൾക്ക് അക്ഷരക്കിറ്റുകൾ നല്കിയും കളിയിലൂടെയും അക്ഷരം ഉറപ്പിക്കൽ
3. അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും ഊന്നൽ നല്കികൊണ്ടുള്ള വർക്ക്ഷീറ്റുകൾ വിതരണം ചെയ്യാം.
4. വായനക്ക് വായനാകാർഡ്, ചെറുകഥകൾ, കവിതകൾ എന്നിവ അടങ്ങിയ ലൈബ്രറി ഉപയോഗപ്പെടുത്താം.
5. അക്ഷരങ്ങളും ചിഹ്നങ്ങളും അമ്മമാരെ ബോധവത്ക്കരിക്കുക.
6. എല്ലാ കുട്ടികളെയും പരിഗണിക്കുന്ന ക്ലാസ് ആസൂത്രണം
7. പഠനസാമഗ്രികളുടെ നിർമാണത്തിൽ രക്ഷിതാക്കളെ പങ്കു ചേർക്കുക.
8. കുട്ടികളുടെ വീടുമായി നിരന്തര സമ്പർക്കം
9. രക്ഷിതാക്കളെ സകൂളിലേക്ക് ആകർഷിക്കുന്ന തരത്തിൽ വ്യത്യസ്ത പരിപാടികൾ (Food fest, Sports) ആസുത്രണം ചെയ്യുക.
10. കുട്ടികളിലെ സർഗാത്മക ശേഷി കണ്ടെത്തുന്നതിന് എല്ലാ ആഴ്ചകളിലും സാഹിത്യ സമാജം.
11. ICT അധിഷ്ഠിത ക്ലാസും നടപ്പിലാക്കാൻ അധ്യാപകരെ ശക്തീകരിക്കുക.
12. സ്കുളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് മറ്റൊരു സമയം കണ്ടെത്തുക.

## പ്രവർത്തന പദ്ധതിയുടെ വിശകലനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം/ പദ്ധതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦ പ്രീടെസ്റ്റ്<br>♦ അക്ഷരം ഉറപ്പിക്കൽ<br>♦ അക്ഷരകാർഡ് നല്കൽ<br>♦ അമ്മയും കുട്ടിയും - ഏറ്റവും നിലവാരം കുറഞ്ഞ കുട്ടികളെ അവരുടെ അമ്മമാരെയും ഉൾപ്പെടുത്തിക്കൊണ്ട് അക്ഷര ക്ലാസ്<br>♦ വാക്കുകൾ എഴുതിയ കാർഡ്<br>♦ വാക്കുകൾ നിർമക്കാം<br>♦ വാക്യങ്ങൾ നിർമിക്കൽ<br>♦ ചിത്രം - അടിക്കുറിപ്പ്<br>♦ ചിത്രം - കഥപറയൽ<br>♦ ചിത്രം - കഥ എഴുതൽ<br>♦ കഥ - ബാക്കി എഴുതൽ<br>♦ സി.ഡിയിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>♦ ഭാഷാപരമായി പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 Month<br>Aug – Sep | അധ്യാപിക<br>PTA<br>BRC<br>IED<br>Trainer | വിവിധ തരം വർക്ക് ഷീറ്റുകൾ<br>2500<br>C.D |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കാം | ♦ വായനമൂലം, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>♦ പത്ര വായന<br>♦ അമ്മ വായന<br>♦ വായനാനുഭവം പങ്കുവെക്കൽ<br>♦ വായനാക്കുറിപ്പ് പതിപ്പ്<br>♦ ബാലസഭ<br>♦ ICT സാധ്യത | | ക്ലാസ് ലൈബ്രറി<br>പത്രങ്ങൾ<br>വായനാ കാർഡുകൾ | പുസ്തകങ്ങൾ<br>2000<br>പത്രങ്ങൾ<br>വായന ക്കാർഡുകൾ |

| | | | | |
|---|---|---|---|---|
| | ♦ വ്യത്യസ്ത വ്യവഹാര രൂപങ്ങളുടെ പ്രദർശനം<br>♦ മികച്ച വായനക്കാരെ തെരഞ്ഞെടുക്കാം.<br>♦ ഉത്തരം കണ്ടെത്താം<br>♦ സ്കൂൾ ലൈബ്രറി- പുസ്തക ശേഖരണം, ഡിജിറ്റലൈസേഷൻ, ഫർണിച്ചർ, വായനാപോഷണം പരിപാടികൾക്ക് നേതൃത്വം നൽകൽ | ഓഗസ്റ്റ്<br>എല്ലാമാസവും<br>ജൂൺ - മാർച്ച് | അധ്യാപിക<br>SRG കൺവീനർ<br>MPTA<br>H.W<br>അധ്യാപകൻ<br>PTA | Exhibition 1500<br>10,000 |
| 3.കുട്ടിയെ മികച്ച എഴുത്തുകാരനാക്കാം | ♦ ചുമർ മാസിക - ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള വ്യവഹാരങ്ങൾ അടങ്ങിയ ചുമർ മാസിക<br>♦ ഡയറി<br>♦ വായനാകാർഡ് നിർമാണം കുട്ടികളും രക്ഷിതാക്കളും ചേർന്ന്<br>♦ കൈയ്യെഴുത്ത് മാസികകൾ<br>♦ ക്ലാസ്തല പത്രാധിപ സമിതി രീപീകരണം | ഓരോ പാഠഭാഗത്തിന് ശേഷവും<br>ജൂലൈ - സെപ്തംബർ | ക്ലാസ് ടീച്ചർ<br>" | 1500<br>1000 |
| 4. വേദികളുടെയും പ്രോത്സാഹനങ്ങളുടെയും കുറവ് | ♦ ദിനാചരണങ്ങൾ:-<br>♦ വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി മത്സരങ്ങളും പ്രവർത്തനങ്ങലും സംഘടിപ്പിക്കുക.<br>♦ ക്ലാസ് ബ്വലസഭകൾ ഓരോക്ലാസ്സിലും അവരുടെ കഴിവുകൾ പുറത്തുകൊണ്ടുവരാൻ എല്ലാ ആഴ്ചകളിലും ബാലസഭകൾ എല്ലാവർക്കും അവസരങ്ങൾ നൽകണം. | രണ്ടാഴ്ച കൂടുമ്പോൾ | ഭാഷാക്ലബ് അധ്യാപകർ<br>H.M<br>ക്ലാസ് ടീച്ചേഴ്സ് | 500 |

## ഇംഗ്ലീഷ് ഭാഷാപഠനം – പ്രശ്നങ്ങൾ

1. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാപഠനനേട്ടങ്ങലും എല്ലാ കുട്ടികൾക്കും ആർജ്ജിക്കുവാൻ സാധിക്കുന്നില്ല.

2. വായിക്കാനും എഴുതാനുമുള്ള പ്രയാസം

3. ഒഴുക്കോടെയും ശരിയായ ഉച്ചാരയണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് കുട്ടികളിൽ ഉണ്ടാകുന്നില്ല.

4. അർത്ഥ പൂർണ്ണമായുള്ള വായന കുട്ടികൾക്ക് സാധിക്കുന്നില്ല.

5. മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾ കൈവരിക്കുന്നില്ല.

### ഭൗതികം

1. ICT അധിഷ്ഠിതമായ ക്ലാസ്മുറികളുടെ അഭാവം.

2. ആധുനികമായി സജ്ജീകരിച്ച ലൈബ്രറിയുടെ ( ഇംഗ്ലീഷ് ബാല പ്രസിദ്ധീകരണങ്ങൾ) അഭാവം

3. ഇംഗ്ലീഷ് പത്രത്തിന്റെ കുറവ്

# കാരണങ്ങൾ

| കുട്ടികളിൽ | അധ്യാപകരിൽ | രക്ഷിതാക്കളിൽ |
|---|---|---|
| ♦ കുട്ടികൾ ഭാഷാപഠനത്തിലുള്ള താല്പര്യക്കുറവ്, അലസത, ആവശ്യബോധം ഇല്ലായ്മ.<br>♦ മുൻക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ നേടാൻ സാധിക്കാത്തത്.<br>♦ വായനയുടെയും അനുഭവങ്ങളുടെയും കുറവ്<br>♦ ഇംഗ്ലീഷ് ഭാഷ കേൾക്കാനും പരിചയപ്പെടാനുമുള്ള താല്പര്യക്കുറവ്.<br>♦ നിത്യജീവിതത്തിൽ ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനുള്ള സാഹചര്യക്കുറവ്<br>♦ താല്പര്യമുള്ള വായനാ സാമഗ്രികളുടെ അഭാവം<br>♦ വേദികളുടെയും പ്രോത്സാഹനങ്ങളുടെയും കുറവ് | ♦ ഭിന്നനിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസ്സിലെ അധ്യാപനം<br>♦ എല്ലാ കുട്ടികളെയും പരിഗണിക്കാൻ സാധിക്കാത്തത്.<br>♦ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള സമയക്കുറവ്<br>♦ അധികവായനയ്ക്കുള്ള പുസ്തകങ്ങളുടെ ലഭ്യതക്കുറവ്<br>♦ പഠനോപകരണങ്ങൾ ഇല്ലാതെയുള്ള ക്ലാസ്റൂം. | ♦ പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.<br>♦ ഇംഗ്ലീഷ് ഭാഷ വീട്ടിൽ നിന്നും കേൾക്കുന്നതിന് അവസരം ഒരുക്കുന്നില്ല.<br>♦ സംസാരിക്കാനുള്ള പ്രചോദനം നൽകുന്നില്ല.<br>♦ കുട്ടികൾക്ക് കിട്ടേണ്ട കൈത്താങ്ങ് ലഭിക്കുന്നില്ല. |

| പ്രവർത്തനങ്ങളുടെ വിശകലനം | | | | |
| --- | --- | --- | --- | --- |
| ലക്ഷ്യങ്ങൾ | പ്രവർത്തനം/ പദ്ധതി | കാലയളവ് | ചുമതല | സാമ്പത്തികം |
| ഭാഷാപരമായ കഴിവ് വർദ്ധിപ്പിക്കൽ (എഴുത്തിലും വായനയിലും) | പഠനനില കണ്ടെത്തൽ (Pre-test നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു)<br>◆ പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ ശേഖരിക്കൽ.<br>◆ വസ്തുക്കളുടെയും ജീവികളുടെയും മറ്റും ചിത്രങ്ങൾ സഹിതം വാക്കുകൾ പ്രദർശിപ്പിക്കുന്ന, വായിക്കുന്നു, കേൾക്കാനവസരം നൽകുന്നു.<br>◆ My word list -<br>◆ സ്വയം നിർമിക്കുന്ന ചിത്ര കാർഡുകൾ, വാക്കുകൾ, (ചിത്രസഹിതം), വാക്യങ്ങൾ കഥകൾ, Rhymes എന്നിവ ചേർത്ത പതിപ്പുകൾ<br>◆ നിലവാരമുള്ളവ പ്രസിദ്ധീകരിക്കുന്നു.<br>◆ അമ്മയും കുട്ടിയും:- പഠനത്തിൽ പിന്നോക്കം നിൽക്കുനിന കുട്ടികളെ അവരുടെ അമ്മമാരെ ഉൾപ്പെടുത്തി കൊണ്ട് അക്ഷരക്ലാസ്<br>◆ Word Web, Sun Word, Spider Graph<br>◆ My own dictionary. | ജൂൺ ആഗസ്റ്റ്<br><br>ജൂലൈ- ആഗസ്റ്റ് | SRG ക്ലാസ് ടീച്ചേഴ്സ്<br><br>ക്ലാസ് ടീച്ചേഴ്സ് PTA | 1500 |

| | | | | |
|---|---|---|---|---|
| 2.എല്ലാ കുട്ടികളെയും മികച്ച വായനക്കാരനാക്കാൻ | ♦ വായനാകാർഡ് (ചിത്രം വലിയ അക്ഷരം)<br>♦ വായനാമൂല -ചെറിയ ബാല പ്രസിദ്ധീകരണ ക്ലാസിൽ ഒരുക്കുന്നു.<br>♦ ഇംഗ്ലീഷ് പത്രം<br>♦ ചിത്രകാർഡുകൾ നിർമിക്കൽ<br>♦ ഇംഗ്ലീഷ് ഡയറി - എഴുത്തും വായനയും | 1 വർഷം | -<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>വിദഗ്ധർ SRG | 1000 |
| 3. ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ♦ Theatre game:-<br>♦ പാഠപുസ്തകത്തിലെ പാഠഭാഗങ്ങളെ Dram, & Theatre, Scrip writing, Choreography, പാവനാടകം, തുടങ്ങി വ്യവഹാരരൂപങ്ങളുടെ ക്ലാസിൽ അവതരിപ്പിക്കുക.<br>♦ ധാരാളം English Rhymes, Stories, കാണുവാനും കേൾക്കുവാനും അവസരം ക്ലാസിൽ സൃഷ്ടിക്കുക.<br>♦ ഇംഗ്ലീഷ് കോർണർ - കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ പൊതുസ്ഥലങ്ങളിലെ ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുക.<br>♦ ഇംഗ്ലീഷ് അസംബ്ലി - ചെറിയ കഥകൾ, Rhymes എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കൽ<br>♦ ക്ലാസിൽ ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരങ്ങൾ | പ്രതിമാസം<br>പ്രതിമാസം<br>മാസത്തിൽ 2 ദിവസം | ടീച്ചേഴ്സ്<br>ടീച്ചേഴ്സ്<br>ഇംഗ്ലീഷ് ക്ലാസ് ടീച്ചേഴ്സ്<br>H.M ടീച്ചേഴ്സ് | 1000 |

## ഗണിതപഠന പ്രശ്നങ്ങൾ (അക്കാദമികം)

1. മുതൽ 4 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിച്ച നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. പ്രായോഗിക പ്രശ്നങ്ങൾ സ്വയം നിർധാരണം ചെയ്യുന്നതിന് പ്രയാസം.

3. പഠന പ്രവർത്തനത്തിന്റെ ഭാഗമായുള്ള പഠനോപകരണങ്ങൾ, ICT സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.

4. ഗണിത ലാബിന്റെ അഭാവം

5. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്ഥവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും വിലയിരുത്തൽ നടത്തുന്നതിനും വേണ്ടത്ര സമയം ലഭിക്കുന്നില്ല.

### ഭൗതികം

1. ICT സൗകര്യമുള്ള ക്ലാസ്മുറികളുടെ അഭാവം

2. ആധുനികമായി സജ്ജീകരിച്ച ലാബ് (ഗണിതം) പഠനോപകരണങ്ങൾ, ഡിസ്പ്ലേ ബോർഡുകൾ മൾട്ടിമീഡിയ ഉപകരണങ്ങൾ എന്നിവയുടെ അഭാവം.

# കാരണങ്ങൾ

| കുട്ടികളിൽ | അധ്യാപകരിൽ | രക്ഷിതാക്കളിൽ |
| --- | --- | --- |
| ♦ അടിസ്ഥാന ആശ്രയങ്ങളുടെ ധാരണക്കുറവ്<br>♦ ഗാർഹിക പ്രശ്നങ്ങൾ<br>♦ പഠനോപകരണങ്ങളുടെ അഭാവം<br>♦ പഠനശൈലി<br>♦ താല്പര്യക്കുറവ്<br>♦ പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്<br>♦ പ്രായോഗിക പ്രശ്നങ്ങൾ സ്വയം അപഗ്രഥിച്ച് കണ്ടെത്താൻ ശ്രമിക്കാത്തത്.<br>♦ തുടർച്ചയായ അവധികൾ | ♦ ഭിന്നനിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസുകളിലെ അധ്യാപനം<br>♦ എല്ലാകുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ്റൂം കൈകാര്യം ചെയ്യുന്നത്.<br>♦ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയാത്തത്<br>♦ പഠനോപകരണങ്ങൾ ഇല്ലാതെയുള്ള ക്ലാസ് റൂം<br>♦ വിനിമയത്തിലെ സമയക്കുറവ്<br>♦ ICT അധിഷ്ഠിത ക്ലാസ് റും പ്രയോജനപ്പെടുത്താത്തത്<br>♦ പഠനോപകരണ നിർമ്മാണത്തിലുള്ള ധാരണക്കുറവ്<br>♦ സ്കൂളിലെ മറ്റു പല പ്രവർത്തനങ്ങളും ചെയ്യേണ്ടി വന്നത്.<br>♦ പരീക്ഷ അധിഷ്ഠിതമായി പാഠപുസ്തകത്തെസമീപിക്കുമ്പോൾ ആശയങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകുന്നത്. | ♦ എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പു വരുത്തുന്നില്ല.<br>♦ പഠനത്തിൽ പിന്നോക്കം നില്ക്കുന്നവരുടെ രക്ഷിതാക്കൾ സ്കൂളുമായി ബന്ധപ്പെടുന്നില്ല.<br>♦ പ്രവൃത്തി ദിവസങ്ങളിലെ യാത്ര |

## പരിഹാര ബോധനം

1. പ്രീടെസ്റ്റ് നടത്തി കുട്ടിയുടെ നില നിർണയിക്കൽ
2. അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ
3. എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ട് പാഠാസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കൽ
4. അധിക സമയം കണ്ടെത്തുക
5. ഗണിത പഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
6. ഗണിത ലാബ് സജ്ജീകരിക്കുക
7. ക്ലാസ് പി.ടി.എ ഫലപ്രദമാക്കുക.
8. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
9. ഗണിത് ശില്പശാലകൾ നടത്തുക
10. ICT പരിശീലനം അധ്യാപകർക്ക് നല്കുക.

### പ്രവർത്തന പദ്ധതിയുടെ വിശകലനം

**മേഖല: അക്കാദമികം**

**ഉപപ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാ വസ്ഥ പരിഹരിക്കൽ | ♦ അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക<br>♦ ചോദ്യാവലി ഉണ്ടാക്കുന്നു<br>♦ പ്രീടെസ്റ്റ്<br>♦ റിസൾച്ച് ബോധ്യപ്പെ | ജൂൺ മെയ് - ആസൂത്രണം | ഹെഡ്മാസ്റ്റർ SRG കൺവീനർ ക്ലാസ് ടീച്ചർ | ♦ വർക്ക് ഷീറ്റ് 3000<br>♦ ഗണിതക്ലിപ്പുകൾ (സ്ട്രോ, അബാക്കസ്, ചാർട്ടുകൾ, മുത്തുകൾ, |

| | | | | |
|---|---|---|---|---|
| | ടുത്തുന്നു. -<br>♦ റിപ്പോർട്ട് തയ്യാറാക്കുന്നു.<br>♦ റിപ്പോർട്ട് തയ്യാറാകുകന്നു<br>♦ SRGയിൽ അവതണം<br>♦ അടിസ്ഥാന ആശയങ്ങ ൽ (സംഖ്യാബോധം, വ്യാഖ്യാനം, സ്ഥാനവില, സങ്കലനം, വ്യവകലനം) ഉറപ്പിക്കുന്ന പ്രവർ ത്തനങ്ങൾ കുട്ടികൾ മുൻ ക്ലാസിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു കൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള വ്യക്തിഗതമായും ഗ്രൂപ്പായും നൽ കുന്നു. | | | പാമ്പും - കോണിയും) |
| 2 ഗണിത പഠനത്തിൽ കുട്ടികൾക്ക് താല്പര്യം വളർത്തുന്നതിന് | ♦ ഗണിതശാസ്ത്രങ്ങൾ ഉറപ്പിക്കുന്നതിന് കളികൾ തെരഞ്ഞെടുക്കുന്നു. (പാമ്പും കോണിയും, മുത്തുകൾ കോർക്കാം, രൂപങ്ങൾ ഉണ്ടാക്കാം, കട്ടകൾ അടുക്കി വെക്കാം- സ്ഥാന വില, ക്ലാസിലൊരു ചായക്കട്ട പോലുള്ള പ്രവർത്തനങ്ങൾ നല്കുന്നു. | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ<br>CPTA അംഗങ്ങൾ | ബോർഡ് പാമ്പും കോണിയും, വ്യത്യസ്ത, രൂപങ്ങൾ, കട്ടകൾ അബാക്കസ് തുടങ്ങിയ കിറ്റുകൾ<br>2500 |
| 3. പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധ | ♦ ഗണിത ശാസ്ത്രങ്ങൽ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്നു. | ഒരു വർഷം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്പെടുത്തുന്നില്ല, അപഗ്രഥിച്ച് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നില്ല. | ♦ പ്രായോഗിക തലത്തിലുള്ള പ്രശ്നങ്ങൾ കൂടുതൽ നൽകിക്കൊണ്ട് നിരന്തര പരിശീലനം നല്കുന്നു. | - | | |

| | | | | | |
|---|---|---|---|---|---|
| 4. | ഗണിതാസ്വാദനം | പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ കൂടാതെ ക്വിസ് മത്സരങ്ങൾ, പസ്സിലുകൾ, കുസൃതി കണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു. ഐ.സി.ടി സാധ്യത | | എസ്.പി.ജി കൺവീനർ ക്ലാസ് ടീച്ചർ സീനിയർ ടീച്ചേഴ്സ് | ബുള്ളറ്റിൻ ബോർഡ് ചുമരിൽ പത്രിക പഠന ഉപകരണം അസംബ്ലി |
| 5. | ഗണിത ലാബ് | ഓരോ ക്ലാസിനും അനുയോജ്യമായ ഉപകരണങ്ങൾ (അബാകസ്, വർക്കിംഗ് മോഡലുകൾ, ജ്യാമിതീയ രൂപങ്ങൾ, സ്ട്രോമഞ്ചാടി, ഈർക്കിലുകൾ, ഗണിത റഫറൻസ് ബുക്കുകൾ തിട്ടപ്പെടുത്തി ഓരോ കുട്ടിക്കും എന്ന തരത്തിൽ ലഭ്യമാക്കുന്നു. | ജൂലൈ | എച്ച്.എം എസ്.ആർ.ജി കൺവീനർ ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| 6. | കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നു | ഗണിതമേളകൾ സംഘടിപ്പിക്കുക, പഠനോപകരണ ശില്പശാലകൾ (low cost no cost) പഠനയാത്രകൾ, (ഗണിത ലാബുകൾ സന്ദർശിക്കുക, പ്രകൃതിയുടെ ഗണിതപാറ്റേൺ ആസ്വദിക്കാനുള്ള അവസരം ഒരുക്കുക. | ഡിസംബർ മാർച്ച് | PTA, MPTA കൺവീനർ ക്ലബ്, ക്ലാസ് ടീച്ചർ | ഫീൽഡ് ട്രിപ്പ് 5000 |
| 7. | ലിറ്റിൽ മാസ്റ്റർ | ഓരോ ക്ലാസിലേയും ഗണിതശാസ്ത്രത്തിലെ മികച്ച 5 കുട്ടികളെ കണ്ടെത്തി അവരെ ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തിര | മാർച്ച് | PTA all teachers | 500 |

| | | | | | |
|---|---|---|---|---|---|
| | - | ഞെടുക്കുന്നു. അവർക്ക് അസംബ്ലിയിൽ വെച്ച് സമ്മാനം നല്കി ആദരിക്കുന്നു. | | - | |
| 8. | ഗണിത ശാസ്ത്ര കോൺഫറൻസ് | സ്കൂളിൽ ഗണിതശാസ്ത്രവുമായി നടത്തിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. പോരായ്മകൾ കണ്ടെത്തുന്നു. നല്ലതിനെ പ്രോത്സാഹിപ്പിക്കുന്നു. അംഗീകരിക്കുന്നു. അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കുന്നു. | മാർച്ച് | All teaching staff.<br>PTA | ചായ |
| 9. | ഗണിതക്ലബ് രൂപീകരണം | ഓരോ ക്ലാസിലേയും 1/4 കുട്ടികളും ഗണിതക്ലബിൽ അംഗങ്ങളായിരിക്കും<br>❖ ക്ലബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളും ഉൾപ്പെടുത്തികൊണ്ട് ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>❖ പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു.<br>❖ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>❖ പ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നു.<br>❖ ഉത്തരപ്പട്ടിക- ഗണിത പ്രശ്നങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഉത്തരം കണ്ടെത്തുന്നു. വിജയികളെ തിരഞ്ഞെടുക്കുന്നു. | ജൂൺ-ആഗസ്റ്റ് | HM ഗണിതാധ്യാപകർ<br>പൂർവ്വാധ്യാപകർ<br>MPTA<br>PTA<br>Class teachers | അസംബ്ലി<br>ചുവർപത്രിക<br>ഗണിതകിറ്റ് |

## അക്കാദമികം യു.പി

പ്രൈമറി തലത്തിന്റെ രണ്ടാം ഘട്ടമായ യുപി ക്ലാസുകളിൽ. ചെറിയ ആശയങ്ങളും മൂല്യങ്ങളും വികസിപ്പിക്കാനും, അവയെ പ്രയോഗവൽകരിക്കാനും ഉതകുന്ന തരത്തിൽ ഓരോ വിദ്യാർത്ഥിയേയും പ്രാപ്തരാക്കുക എന്ന ദൗത്യം നിർവ്വഹിക്കുന്നതോടൊപ്പം സാമൂഹ്യവത്കരണത്തിലേക്കും, പൗരബോധത്തിലേയ്ക്കും പിച്ചവച്ച് നടത്തിക്കുക എന്ന കർത്തവ്യം കൂടി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. സാഹോദര്യത്തിന്റെയും, സമഭാവനയുടെയും, സഹവർത്തിത്വത്തിന്റെയും, സഹജീവി സ്നേഹത്തിന്റെയും ബാലപാഠങ്ങൾ പ്രായോഗികമായി അഭ്യസിപ്പിക്കുകയും ചെയ്യുന്നത് ഈ തലത്തിൽ നിന്നാണ്. പുതിയ ഭാഷകൾ പരിചയപ്പെടുകയും, പരിസ്ഥിതി പഠനത്തെ ശാസ്ത്രപഠനത്തിന്റെ വിവിധ തലങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതും ഈ തലത്തിൽ തന്നെയാണ്. അതുകൊണ്ടുതന്നെ ആസൂത്രണത്തിൽ ശാസ്ത്രപഠനത്തിനും, ഭാഷാ പഠനത്തിനും പ്രത്യേകം ഊന്നൽ നല്കേണ്ടതുണ്ട്.

## മലയാളം (അക്കാദമികം)

**മാതൃഭാഷാ പഠനം - പ്രശ്നങ്ങൾ**

അക്കാദമികം - 1 മുതൽ 7 വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിച്ച നിലവാരത്തിൽ എത്താൻ കഴിയുന്നില്ല

2. പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഗവേഷണാത്മക രീതി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
3. പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ ഐ.സി.ടി സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.
4. സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര സമയം കിട്ടുന്നില്ല.

ഭൗതികം

5. ഐ.സി.ടി സൗകര്യമുള്ള ക്ലാസ് മുറികളുടെ അഭാവം. അനുയോജ്യമായ ഇരിപ്പിട സൗകര്യം, സ്ഥല സൗകര്യം എന്നിവയുടെ അഭാവം.
6. ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി, ഓഡിയോ വിഷൻ ലൈബ്രറി, ഐ.ടി ലാബ്, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.

സാമൂഹികം

7. വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തത്തിന്റെ അഭാവം.

| അക്കാദമികം പ്രശ്നം 1<br>കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| 1. കുട്ടികൾക്ക് ഭാഷാപഠനത്തോട് താൽപര്യക്കുറവ്<br>2. മുൻ ക്ലാസുകളിൽ നേടേണ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല<br><br>3. വായനാപ്രവർത്തനങ്ങളുടെ കുറവ് | 1 മുതൽ 7 വരെയുള്ള പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തൽ<br>2. അടിസ്ഥാനശേഷി വികസനപരിപാടി (ശനിയാഴ്ചകളിൽ) | പ്രീ ടെസ്റ്റ്<br><br>അടിസ്ഥാനശേഷി വികസനപരിപാടി |
| **അധ്യാപകർ**<br>1. എല്ലാ കുട്ടികളേയും പരിഗണിച്ച് ക്ലാസുകൾ കൊണ്ടുപോകാൻ കഴിയുന്നില്ല<br>2. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല. | 1. എല്ലാ കുട്ടികളേയും പരിഗണിക്കുന്ന ക്ലാസ് ആസൂത്രണം ചെയ്യൽ | ഐ.സി.ടി അധിഷ്ഠിത ആസൂത്രണം |
| **സംവിധാനം**<br>1. സമയക്കുറവ്<br>2. സാമൂഹിക സഹായ സംവിധാനമില്ല | രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടികൾ | സി.പി.ടി.എ |
| രക്ഷിതാക്കൾ<br>1. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.<br>2. രക്ഷാകർത്താക്കൾ വേണ്ടത്ര ബന്ധപ്പെടുന്നില്ല<br>3. കുട്ടികളുടെ പഠനനില തിരിച്ചറിയുന്നില്ല | | |

പ്രശ്നം : 3 പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ ഐ.സി.ടി സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| കുട്ടികൾ<br>1. ഗാർഹിക പ്രശ്നങ്ങൾ<br>2. താൽപര്യമുള്ള വായനാസാമഗ്രികളുടെ അഭാവം.<br>* പഠനശൈലി പരിഗണിക്കാതിരിക്കുന്നത്<br><br>അധ്യാപകർ<br>ഐ.സി.ടി സാധ്യതകളുടെ ലഭ്യത<br>പഠനസാമഗ്രികളുടെ അഭാവം<br>ഐ.സി.ടി സാധ്യത<br>സംവിധാനം<br>സമയക്കുറവ്<br>രക്ഷിതാക്കൾ<br>**സാമ്പത്തികം**<br>കുട്ടിയുടെ യഥാർത്ഥ പ്രശ്നം | രക്ഷാകർതൃബോധവത്കരണം<br>2. പഠനോപകരണങ്ങളുടെ നിർമ്മാണം<br>3. ബോധവൽക്കരണ ക്ലാസുകൾ<br>4. ഐ.സി.ടി സംവിധാനമൊരുക്കൽ<br>ക്ലാസ് ലൈബ്രറി | 1. പഠനോപകരണ നിർമ്മാണ ശില്പശാല<br><br>2. ഐ.സി.ടി പരിശീലനം കുട്ടികൾക്കും ടീച്ചർമാർക്കും<br>3. ക്ലാസ് മുറി ഹൈടെക് വത്കരണം |

പ്രശ്നം : 4 സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യമില്ലായ്മ

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി |
|---|---|---|
| കുട്ടികൾ<br>ഭാഷാവ്യവഹാര രൂപങ്ങൾ ഫലപ്രദമായ ഉപയോഗിക്കാൻ കഴിയുന്നില്ല.<br>**അധ്യാപകർ**<br>കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ കണ്ടെത്തുന്നതിനുള്ള കൂടുതൽ അവസരങ്ങൾ ഒരുക്കേണ്ടതുണ്ട്.<br>**സംവിധാനം**<br>എല്ലാവർക്കും അവസരം നൽകുന്നില്ല<br>**രക്ഷിതാക്കൾ**<br>സർഗ്ഗാത്മക താൽപര്യങ്ങൾ പരിഗണിക്കുന്നില്ല. | * വായനാ പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കൽ<br>* മുഴുവൻ സമയ ലൈബ്രറിയനെ നിയമിക്കുക. | * കുട്ടികൾക്ക് പ്രസിദ്ധീകരണങ്ങൾ, മാഗസിൻ<br>* ചുമർ മാസിക |

**പശ്നം : 2 ഗവേഷണാത്മക അധ്യാപനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല**

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി |
|---|---|---|
| കുട്ടികൾ<br>പഠനപുരോഗതി സ്വയം തിരിച്ചറിയാൻ കഴിയുന്നില്ല. | 1) ക്ലാസ് ലൈബ്രറി വായനാമൂല എന്നിവ ശക്തിപ്പെടുത്തുക. | ക്ലാസ് ലൈബ്രറി സ്ഥാപിക്കുക. |
| സ്വയം മെച്ചപ്പെടാൻ കഴിയുന്നില്ല | | * പരിശീലനം<br>* ശില്പശാല<br>പഠനയാത്ര<br>* ഭാഷാധ്യാപക കൂട്ടായ്മ |
| **അധ്യാപകൻ**<br>നിരന്തര വിലയിരുത്തലിന്റെ അഭാവം | വൈവിദ്ധ്യമാർന്ന പഠനതന്ത്രങ്ങൾ | |
| **സംവിധാനം**<br>ക്ലാസ് ലൈബ്രറി ഫലപ്രദമല്ല | * പഞ്ചായത്തിലെ അധ്യാപക കൂട്ടായ്മ | |
| **രക്ഷിതാക്കൾ**<br>കുട്ടികളുടെ നിലവാരം തിരിച്ചറിയാൻ കഴിയുന്നില്ല | നിരന്തര വിലയിരുത്തലിന് പ്രാധാന്യം നൽകുന്ന പഠനാസൂത്രണം | |

൧. പ്രവർത്തന പദ്ധതി വിശകലനം

മേഖല : അക്കാദമിക (മലയാളം)

പ്രശ്നം : അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികളുണ്ട്

ലക്ഷ്യം : നിലവിലുള്ള അവസ്ഥകൾ തിരിച്ചറിയുവാൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് | വിഷയസമിതി | ജൂൺ | | |
| മൂല്യനിർണ്ണയവും | | | | |
| ഫലവിശകലവും | വിഷയസമിതി | ജൂൺ | 2000 | പി.ടി.എ |
| റിപ്പോർട്ട് തയ്യാറാക്കൽ | എസ്.ആർ.ജി<br>പി.ടി.എ | ജൂൺ | | |
| **ലക്ഷ്യം :ഭാഷാശേഷി** | വിഷയസമിതി | ജൂൺ | | |
| **ഉറപ്പാക്കുന്നതിന്** | | 1-ാം ആഴ്ച | 3000 | പി.ടി.എ |
| പരിഹാര ബോധന<br>മൊഡ്യൂൾ നിർമ്മാണവും<br>അച്ചടിയും | | | | |
| മൂല്യനിർണ്ണയം റിപ്പോർട്ട് | വിഷയസമിതി | ജൂൺ-<br>ജൂലൈ | 1000 | പി.ടി.എ |
| **ലക്ഷ്യം : സി.പി.ടി.എ**<br>**ഫലപ്രദമാക്കൽ** | | | | |
| സി.പി.ടി.എ വിളിച്ചുചേർക്കൽ<br>പ്രീടെസ്റ്റ് ഫലം അവതരണം | എസ്.ആർ.ജി | ജൂൺ<br>3-ാം ആഴ്ച | 500 | പി.ടി.എ |
| **പ്രശ്നം : അവസരങ്ങൾ**<br>**ഒരുക്കൽ**<br>**ക്ലാസ് ലൈബ്രറി** | | | | |
| പുസ്തകസമാഹരണം | ക്ലാസ് അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>രക്ഷിതാക്കൾ | ജൂൺ | 2000 | പൂർവ്വവിദ്യാർത്ഥികൾ,<br>രക്ഷിതാക്കൾ |
| ഭാഷാധ്യാപകരുടെ<br>ശില്പശാല | പഞ്ചായത്ത്<br>വിഷയസമിതി<br>ബി.പി.ഒ | ഒക്ടോബർ | 1000 | ബി.ആർ.സി |

പ്രശ്നം : സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ സമയക്കുറവ്

ലക്ഷ്യം : സർഗ്ഗാത്മക രചനകൾ പ്രോത്സാഹനവും അവസരവും നൽകുന്നതിനും

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കൈയെഴുത്ത് ക്ലാസ്തല പത്രാധിപ സമിതി രൂപീകരണം | ക്ലാസ് ടീച്ചർ | ജൂലൈ | | |
| * സൃഷ്ടികൾ രചിക്കുന്നു | | ജൂലൈ | 1000 | സി.പി.ടി.എ |
| * സൃഷ്ടികളുടെ തെരഞ്ഞെടുപ്പ് നിർമ്മാണം | പത്രാധിപതസമിതി | സപ്തംബർ | 2000 | സി.പി.ടി.എ |

പ്രശ്നം : പഠനോപകരണങ്ങൾ ഐ.സി.ടി എന്നിവ ഫലപ്രദമായി ഉപയോക്കുവാൻ സാധിക്കുന്നില്ല.

ലക്ഷ്യം : അധ്യാപകർക്കും കുട്ടികൾക്കും ഐ.സി.ടി പരിശീലനം ലക്ഷ്യമാക്കി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഐ.സി.ടി പ്രയോജനപ്പെടുത്തുക.

| | | | | |
|---|---|---|---|---|
| * അധ്യാപകരുടേയും കുട്ടികളുടേയും ശേഖരണം | വിഷയസമിതി | ജൂലൈ 2017 | | പി.ടി.എ |
| | ഐ.ടി വിദഗ്ധരായ അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ | ജൂലൈ 2017 | 2000 | പി.ടി.എ |
| *ഐ.സി.ടി പരിശീലനം | അധ്യാപകർ പൂർവവിദ്യാർത്ഥികൾ | ജൂലൈ, മാർച്ച് | 22000 | പി.ടി.എ |
| * ഫലപ്രാപ്തി വിശകലനം, റിപ്പോർട്ട് തയ്യാറാക്കൽ | ഐ.ടി വിദഗ്ധർ | മാർച്ച് 2018 | 1000 | |

സാമൂഹ്യപങ്കാളിത്തം

മുകളിൽ പ്രതിപാദിച്ച പ്രവർത്തനത്തിലും സാമൂഹ്യപങ്കാളിത്തം അനിവാര്യമാണ്. ആസൂത്രണം, വിഭവസമാഹരണം, നടത്തിപ്പ്, വിലയിരുത്തൽ എന്നീ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിന്റെ ഇടപെടൽ അനിവാര്യമാണ്. ചില സാധ്യതകൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനം | പങ്കാളിത്തരീതി |
|---|---|
| * പ്രീ-ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് | തുടർ പ്രവർത്തനങ്ങളായ പരിഹാരബോധന പ്രക്രിയകൾ |
| * അടിസ്ഥാന ശേഷീ വികസനം | പൂർവവിദ്യാർത്ഥി (ഐ.ടി വിദഗ്ധർ, കല, പ്രവൃത്തിപരിചയ വിദഗ്ധർ, ലഭ്യമാക്കൽ, സംഘാടനം വിലയിരുത്തൽ |
| * ഹൈടെക് ക്ലാസ് മുറി | വിഭവ സമാഹരണം |
| * ഐ.സി.ടി പരിശീലനം | പദ്ധതി രൂപീകരണം, വിദഗ്ധരായ അധ്യാപകരേയും പൂർവ വിദ്യാർത്ഥികളേയും കണ്ടെത്തൽ, സംഘാടനം, വിലയിരുത്തൽ<br>സംഘാടനം, വിഭവസമാഹരണം |
| * പഠനയാത്ര | ഭാഷാസ്നേഹികളായ പൂർവാധ്യാപകർ, പൂർവ വിദ്യാർത്ഥികൾ, സാഹിത്യകാരൻമാർ, സംഘാടകർ എന്നിവരുടെ ഇടപെടൽ |
| * കുട്ടികളുടെ പ്രസിദ്ധീകരണം | എഡിറ്റിംഗ് തെരഞ്ഞെടുക്കൽ, അച്ചടി എന്നിവയിൽ ഈ മേഖലയിൽ വിദഗ്ധരായ പൂർവ വിദ്യാർത്ഥികൾ, പൂർവാധ്യാപകർ, നാട്ടുകാർ എന്നിവരുടെ പങ്കാളിത്തം |
| * കയ്യെഴുത്ത് മാഗസിൻ | -മികച്ച കയ്യെഴുത്ത് മാഗസിൻ പ്രോത്സാഹനം |
| * ചുമർ മാഗസിൻ | - മികച്ച ചുമർമാഗസിൻ, പ്രോത്സാഹനം |
| * എന്റെ മലയാളം ബ്ലോഗ് | - ഐ.ടി വൈദഗ്ധ്യം ലഭ്യമാക്കൽ പ്രചരിപ്പിക്കൽ |
| * ക്ലാസ് മുറി | - കെട്ടിടം നിർമിക്കൽ, ഫർണ്ണിച്ചർ നൽകൽ, പ്ലാൻ തയ്യാറാക്കൽ |
| * സ്കൂൾ ലൈബ്രറി | - പുസ്തകശേഖരണം, ഡിജിറ്റലൈസേഷൻ, ഫർണിച്ചർ, വായന പോഷണ പരിപാടികൾക്ക് നേതൃത്വം നൽകൽ, ലൈബ്രറി കെട്ടിടം |
| * ഓഡിയോ വിഷ്വൽ ലാബ്, ലാംഗ്വേജ് ലാബ് | വീഡിയോ, ഓഡിയോ നിർമ്മാണം, ലാബ് സൗകര്യം ഉറപ്പാക്കൽ, ലാബ് പ്രവർത്തനത്തിൽ സഹായം |

# ഇംഗ്ലീഷ്

1 ലക്ഷ്യം :

* Writing - Reading എന്നിവ പരിപോഷിപ്പിക്കൽ
* പിന്നോക്ക വിദ്യാർത്ഥികളെ മുൻനിരയിലെത്തിക്കാൻ അവസരമൊരുക്കൽ

പ്രവർത്തനങ്ങൾ :-

* അക്ഷരക്കിറ്റ്
* സെന്റൻസ് കിറ്റ്
* ജംബിൾഡ് സ്റ്റോറി കിറ്റ്
* ചുമർ ചാർട്ട് (animals name, birds name, flowers name, fruits name etc)
* Engish Library
* പഠനോപകരണ ശില്പശാല
* മാഗസിൻ
* Reading cards with picture
* Remedial class (Dialy w hour)

2. ലക്ഷ്യം : സംസാര നൈപുണി വളർത്തൽ

* ക്ലാസ്സുകളിൽ ഇംഗ്ലീഷ് അന്തരീക്ഷം
* ശില്പശാലകൾ സംഘടിപ്പിക്കൽ
* സംഭാഷണശൈലികൾ പരിചയപ്പെടൽ
* ഇംഗ്ലീഷ് ഫെസ്റ്റ്
* കാർട്ടൂൺ വഴി സംഭാഷണം
* Role play skit and choreography

3. ലക്ഷ്യം - Digital English ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് പഠനം ഫലപ്രദമാക്കൽ

പ്രവർത്തനം :

ഇംഗ്ലീഷ് ഭാഷാ പഠനത്തിനാവശ്യമായ വിവിധതരം ആപ്പുകൾ പരിചയപ്പെടൽ പരിശീലനം നൽകി കുട്ടികളെ സ്വയം പര്യാപ്തത നേടൽ. പോസ്റ്റർ, പ്ലെകാർഡ്, ഗ്രീറ്റിംഗ്കാർഡ് നിർമ്മാണം സ്വന്തം രചനകൾ ടൈപ്പ് ചെയ്യൽ

4. Day celebrations (ദിനാചരണങ്ങൾ)

4. ലക്ഷ്യങ്ങൾ :

വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ദിനാചരണങ്ങളിൽ ഇംഗ്ലീഷ് സാധ്യതകൾ പ്രയോജനപ്പെടുത്തൽ സന്ദേശങ്ങൾ ഉറപ്പിക്കൽ

പ്രവർത്തനങ്ങൾ

Poster, Play Card, News Paper, Wall Magazine etc

5. ലക്ഷ്യം : ക്ലബ് രൂപീകരണം

ഭാഷ പരിപോഷിപ്പിക്കൽ

പ്രവർത്തനം

* ഭാഷാപരമായ താൽപര്യം നേടുന്നതിന്
* സ്ലോ ലേണേഴ്സ് നെ മുൻനിരയിലെത്തിക്കാൻ
* മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പ വരുത്തൽ
* ബാലസഭകൾ
* ആൽബനിർമ്മാണം
* ആൽബനിർമ്മാണം

6. ആൽബ നിർമാണം

ലക്ഷ്യം : ഇംഗ്ലീഷ് സാഹിത്യകാരൻമാരേയും സാഹിത്യകൃതികളേയും പരിചയപ്പെടുത്തൽ.

പ്രവർത്തനങ്ങൾ

ടെക്സ്റ്റ് ബുക്കിൽ പരാമർശിക്കപ്പെട്ട കവികളുടേയും കഥാകൃത്തുക്കളുടേയും മറ്റു എഴുത്തുകാരുടേയും ചിത്രങ്ങൾ ശേഖരിക്കൽ, സാഹിത്യകാരൻമാരുടെ കുറിപ്പ് തയ്യാറാക്കൽ പ്രദർശനം എന്നിവ

7. ഐ.സി.ടി, ക്ലാസ് റൂം

ലക്ഷ്യങ്ങൾ

* എല്ലാ വിദ്യാർത്ഥികളേയും പഠനപുരോഗതിക്ക് വേണ്ടി
* ഗുണമേന്മ ലക്ഷ്യ പൂർത്തീകരണത്തിന് വേണ്ടി
* ഹൈടെക് ക്ലാസുകൾ പഠനപുരോഗതിക്ക്

8. അടിസ്ഥാന ഭാഷാനൈപുണികളുടെ കുട്ടികളിൽ വളർത്തുന്നതിന്

പ്രവർത്തനങ്ങൾ

* ആശയ രൂപീകരണം
* വർക്ക്ഷീറ്റ് നിർമാണം
* മൂല്യനിർണയം

9. സർഗാത്മക പ്രവർത്തനങ്ങൾ

ലക്ഷ്യം : എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കൽ

പ്രവർത്തനങ്ങൾ

* കഥാരചന
* കവിതാ രചന
* കൊളാഷ് നിർമ്മാണം
* Poster നിർമ്മാണം
* Play card നിർമ്മാണം
* കാലയളവ് : 3 വർഷം കൊണ്ട് നടപ്പിലാക്കാൻ പ്രത്യാശിക്കുന്നു.
* പിന്തുണ (SRG, SMC, PTA, MPTA, SSG, Old students Association, MLA, MP)

പ്രവർത്തന പദ്ധതി വിശകലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * വായന, എഴുത്ത് പരിപോഷിപ്പിക്കൽ | * അക്ഷരക്കിറ്റ് | നാല് മാസം | വിഷയാധ്യാപകൻ | |
| | * സെന്റൻസ് കിറ്റ് | നാല് മാസം | SRG | |
| | * ജംബിൾസ് സ്റ്റോറി കിറ്റ് | നാല് മാസം | SMC | 2000 |
| | * ചുമർ പാർട്ട് (Animals, birds) | ഒരു വർഷം | PTA | |
| | * ഇംഗ്ലീഷ് ലൈബ്രറി | ഒരു വർഷം | MPTA | |
| | * പഠനോപകരണ ശില്പശാല | മൂന്ന് മാസം | SSG | |
| | * മേഗസിൻ | ഒരു വർഷം | Old students | |
| | * റീഡിംഗ് പാട്ട്സ് | ആറ് മാസം | | |
| | * Remedial class | ഒരു വർഷം | | |
| 2. സംസാര നൈപുണി വളർത്തുന്നതിന് | * ക്ലാസ്സുകളിൽ ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കൽ | ഒരു വർഷം<br>" " | വിഷയാധ്യാപകൻ<br>" " | |
| | * ശില്പശാലകൾ സംഘടിപ്പിക്കൽ | " " | PTA, MPTA, SSG | 3000 |
| | * സംഭാഷണ ശൈലികൾ പരിചയപ്പെടൽ | " " | | |
| | * English fest | " " | | |
| | * Skit, choreography | " " | | 2000 |
| | * Cartoon | " " | | |
| 3. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് പഠനം ഫലപ്രദമാക്കൽ | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പോസ്റ്റർ, പ്ലകാർഡ്, ഗ്രീറ്റിംഗ് കാർഡ് നിർ-മ്മാണം, സംഭാഷണം പരിചയപ്പെടൽ. കത്ത് | ഒരു വർഷം<br>" "<br>" " | വിഷയ അധ്യാപകർ<br>SSG, SRG | |

| | | | | |
|---|---|---|---|---|
